# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-EKM/BP/999/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/09/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
കാര്യാലയ പകർപ്പ്

നമ്പർ: KSA-EKM/BP/999/23 തീയ്യതി: 30/09/2023

## എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റ്റി എൽ സാംകുട്ടി | ജോയിന്റ് ഡയറക്ടർ | 20-06-2023 | 30-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2023 | 30-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ,
ശ്രീ. അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. സ്വപ്ന വി., ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വി ആർ അശോകൻ | പ്രസിഡന്റ് | 01-04-2022 | 29-05-2022 |
| ശ്രീമതി അന്ന അച്ചു | പ്രസിഡന്റ് | 30-05-2022 | 16-06-2022 |
| ശ്രീമതി റസീന പരീത് | പ്രസിഡന്റ് | 17-06-2022 | 24-02-2023 |
| ശ്രീമതി അന്ന അച്ചു | പ്രസിഡന്റ് | 25-02-2023 | 05-03-2023 |
| ശ്രീമതി റസീന പരീത് | പ്രസിഡന്റ് | 06-03-2023 | 31-03-2023 |
| ശ്രീ ജ്യോതികുമാർ എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോസ് എം പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ ബേസിൽ മത്തായി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശാലിനി പ്രഭ | സി. ഡി.പി.ഒ | 01-04-2022 | 23-12-2022 |
| ശ്രീമതി പിങ്കി കെ അഗസ്റ്റ്യൻ | സി. ഡി.പി.ഒ | 24-12-2022 | 31-03-2023 |
| ശ്രീമതി മിനി എം പിള്ളെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 31-03-2023 |
| ഡോ. സിനി ഡാനിയൽ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 01-04-2022 | 31-07-2022 |
| ഡോ. വിനോദ് പൗലോസ് | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | 01-08-2022 | 31-03-2023 |
| ഡോ.അനീഷ് ബേബി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി കടയിരുപ്പ്) | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രിയ പോൾ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 04-04-2022 |
| ശ്രീമതി മിനി പി ജോൺ | വ്യവസായ വികസന ഓഫീസർ | 05-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി സോഫിയാമോൾ എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീലത വി സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-4 |
| 6 | സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല | 1-1-5 |
| 7 | സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-9 |
| 11 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല. | 1-1-11 |
| 13 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-12 |
| 14 | വാർഷികധനകാര്യപത്രിക | 1-2 |
| 15 | ബജറ്റ് | 1-2 |
| 16 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ക്യാഷ്ബാലൻസ് പരിശോധന | 1-6 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 23 | വാടക -അപാകതകൾ | 1-9 |
| 24 | പഞ്ചിങ് മെഷിൻ സ്ഥാപിച്ചില്ല | 1-10 |

| | | |
|---|---|---|
| 25 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-11(1) |
| 26 | സെക്കണ്ടറി പാലിയേറ്റീവ്കെയർ പദ്ധതി-മരുന്നുകൾ ലഭ്യമാക്കാത്തത് | 1-11(2) |
| 27 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - നാളിതു വരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-12(1) |
| 28 | ഉപയോഗക്ഷമമല്ലാത്ത കാർഷികയന്ത്രങ്ങൾ - തുടർനടപടികൾ ഊർജിതമാക്കേണ്ടതാണ് | 1-13 |
| 29 | കുടിവെള്ള പദ്ധതികൾ : ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല | 1-14 |
| 30 | ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നില്ല – പദ്ധതിപ്പണം ലാപ്സാകുന്നു. | 1-15 |
| 31 | ഇതൾ പദ്ധതി- നടത്തിപ്പിലെ അപാകതകൾ | 1-16 |
| 32 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കടയിരിപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകതകൾ | 1-17 |
| 33 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വടവുകോട് ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 15.03.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 27.05.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടവുകോട് ബ്ളോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 26.08.2023

ജോയിന്റ് ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന

അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

1-1-2 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -597137/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്/- രൂപ11481893യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്

1-1-5 സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ വിശദവിവരം ലഭ്യമല്ല

വാർഷിക ധനകാര്യപത്രിക ബി4 ഷെഡ്യൂളിൽ 320700205 എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം 1525252/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമല്ല.

1-1-6 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വാടകയിനത്തിൽ ₹106146 കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-7 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് പൊരുത്തപ്പെടുന്നില്ല

സി എഫ് സി ഗ്രാന്റ് 2021-22 വാർഷിക കണക്ക് പ്രകാരം സി എഫ് സി ഗ്രാന്റ് ,ടൈഡും അൺ ടൈഡും ചേർന്നുള്ള ആകെ നീക്കിയിരിപ്പ് 5094359 രൂപയായിരുന്നു. എന്നാൽ 2021-22 ൽ സി എഫ് സി ഗ്രാന്റിന്റെ യഥാർത്ഥ നീക്കിയിരിപ്പ് 4206179 രൂപയാണ്. (ടൈഡ് 3738778, അൺ ടൈഡ് 467401.) മുൻ വർഷം ചെലവ് വന്ന 888,180 രൂപക്ക് ചെലവ് ബുക്ക് ചെയ്യാതിരുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നിട്ടുള്ളത് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ചെക്ക് നം തിയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 29.3.22 ൽ ട്രാൻസ്ഫർ ചെയ്തു | 428018 | പ്രോ നം 126/22 ബ്ളോക്ക് കോൺഫറൻസ് ഹാൾസ്റ്റേജ് |
| 2 | 30.3.22 ൽ ട്രാൻസ്ഫർ ചെയ്തു | 354598 | പ്രോ നം 88/22 തൈക്കാട്ട ചിറ നവീകരണം |
| 3 | 000006തി25.322 | 3466 | വിവിധ വർക്കുകളുടെ ഐ റ്റി ജി എസ്റ്റി വെൽഫയർഫണ്ട് എന്നിവ അടച്ചത് |
| 4 | 000007തി25.322 | 6733 | |
| 5 | 000009തി25.322 | 6733 | |
| 6 | 0000010തി25.322 | 8852 | |
| 7 | 000011തി25.322 | 4426 | |
| 8 | 000012തി25.322 | 4426 | |
| 9 | 000013തി26.322 | 8588 | |
| 10 | 000014തി26.322 | 4294 | |
| 11 | 000015തി26.322 | 4294 | |
| 12 | 000016തി26.322 | 10716 | |
| 13 | 000017തി26.322 | 5358 | |
| 14 | 000018തി26.322 | 5358 | |
| 15 | 000019തി26.322 | 11160 | |
| 16 | 000020തി26.322 | 5580 | |
| 17 | 000021തി26.322 | 5580 | |
| | ആകെ | 888,180 | |

സി എഫ് സി ഗ്രാന്റ് ,ടൈഡും അൺ ടൈഡും ചേർന്നുള്ള ആകെ ചെലവ് 5986382 രൂപയാണ് എന്നാൽ ഈ ഇനത്തിലെ യഥാർത്ഥ ചെലവ് 6781672 രൂപയാണ്. 2022-23ൽ ചെലവ് വന്ന 795290 രൂപയുടെ ചെലവ് 2021-22 ൽ തന്നെ സുലേഖയിൽ ചെലവ് ബുക്ക് ചെയ്തതിനാലാണ് ഇപ്രകാരം വ്യതിയാനം വന്നിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | തുക | റിമാർക്സ് |
|---|---|---|
| 1 | 374260 26.4.23 ൽ വാട്ടർ അതോറിറ്റിക്ക്ട്രാൻസ്ഫർ | പ്രോ നം 138/22 കറ്റ ജെബി പൈപ്പ് |

| | | |
|---|---|---|
| | ചെയ്തു | ലൈൻ നീട്ടൽ |
| 2 | 374340<br>26.4.23 ൽ വാട്ടർ അതോറിറ്റിക്ക് ട്രാൻസ്ഫർ ചെയ്തു | പ്രോ നം 135/22 പ്രീതി അയ്യങ്കാളി രാജർഷി റോഡ്പൈപ്പ് ലൈൻ നീട്ടൽ |
| 3 | 4669026.4.23 ൽ ട്രാൻസ്ഫർ ചെയ്തു | അസി എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ടാക്സ് അടവാക്കിയത് |
| ആകെ | 795290 | |

1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.കടമുറികളുടെ വാടക ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഈയിനത്തിൽ വാടകക്കാർക്ക് തുക നൽകാനുണ്ടോ എന്ന വിവരം വ്യക്തമല്ല.

1-1-9 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-10 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് നൽകുന്നതും എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ചെലവുകൾക്ക് തനത്ഫണ്ട് നൽകുന്നതുമുൾപ്പടെയുള്ളവ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള നീക്കിയിരുപ്പായ ₹6507229/- യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-11 നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

1-1-12 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2022-23 വർഷം ബ്ലോക്ക്പഞ്ചായത്ത് 380,000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ കുറ്റ കുടിവെള്ള പദ്ധതിക്കായി നൽകിയിരുന്നു. ടി തുക Advance To Implementing Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയാണുണ്ടായത്. ഇപ്രകാരം അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതുകൊണ്ട് വിനിയോ ഗസാക്ഷ്യപത്രം ലഭിക്കാതിരുന്നിട്ടും ടി നിക്ഷേപ പ്രവൃത്തിയുടെ തുക B-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായും ഉൾപ്പെട്ടിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2023 | 03.06.2023 |

## 1-2 ബജറ്റ്

വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 06.03.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 24.03.2022 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവുകണക്കുകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് (₹) | റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരമുള്ള യഥാർത്ഥ കണക്ക് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 1 | 2 | 3 | 4 (2-3) |
| മുന്നിരുപ്പ് | 972250.00 | 11481893.00 | (-)10509643.00 |
| വരവ് | 430827000.00 | 70316006.00 | 360510994.00 |
| ആകെ | 431799250.00 | 81797899.00 | 350001351.00 |
| ചെലവ് | 431235000.00 | 70913143.00 | 360321857.00 |
| നീക്കിയിരിപ്പ് | 564250.00 | 10884756.00 | (-)10320506.00 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റ 2022-2023 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു

1) 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

2) അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജീവനക്കാർക്ക് അഡ്വാൻസ് നൽകുന്നതും എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിലെ ചെലവുകൾക്ക് തനത്ഫണ്ട്

നൽകുന്നതുമുൾപ്പടെയുള്ളവ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള നീക്കിയിരുപ്പായ ₹65,07,229/- യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) നികുതിയേതര വരുമാന സ്രോതസ്സുകളുടെ രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

4) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

5) 2022-23 വർഷം ബ്ലോക്ക്പഞ്ചായത്ത് ₹3,80,000/- കേരള വാട്ടർ അതോറിറ്റിയിൽ കുറ്റ കുടിവെള്ള പദ്ധതിക്കായി നൽകിയിരുന്നു. ടി തുക Advance To Implementing Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയാണുണ്ടായത്. ഇപ്രകാരം അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാത്തതുകൊണ്ട് വിനിയോഗസാക്ഷ്യപത്രം ലഭിക്കാതിരുന്നിട്ടും ടി നിക്ഷേപ പ്രവൃത്തിയുടെ തുക B-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെട്ടിട്ടില്ല.

6) വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യങ്ങൾക്കുമായി ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7) ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

8) ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അതിനാൽ തനത് ഫണ്ടിൽ വരവുള്ളതും വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ളതുമായ ഡെപ്പോസിറ്റുകളുടെ വിവരവും ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല. കടമുറികളുടെ വാടക ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഈയിനത്തിൽ വാടകക്കാർക്ക് തുക നൽകാനുണ്ടോ എന്ന വിവരം വ്യക്തമല്ല.

9) 2021-22 വാർഷിക കണക്ക് പ്രകാരം സി എഫ് സി ഗ്രാന്റ്, ടൈഡും അൺ ടൈഡും ചേർന്നുള്ള ആകെ നീക്കിയിരിപ്പ് ₹50,94,359/- യായിരുന്നു. എന്നാൽ 2021-22 ൽ സി എഫ് സി ഗ്രാന്റിന്റെ യഥാർത്ഥ നീക്കിയിരിപ്പ് ₹42,06,179/- യാണ്. (ടൈഡ് 3738778, അൺ ടൈഡ് 467401.) 2021-22 ൽ ചെലവ് വന്ന ₹8,88,180/- ക്ക് 2021-22 ൽ ചെലവ് ബുക്ക് ചെയ്യാതിരുന്നതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നിട്ടുള്ളത് തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ചെക്ക് നം തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|
| 1 | 29.3.22 ൽ ട്രാൻസ്ഫർ ചെയ്തു | 428018 | പ്രോ നം 126/22 ബ്ളോക്ക് കോൺഫറൻസ് ഹാൾസ്റ്റേജ് |
| 2 | 30.3.22 ൽ ട്രാൻസ്ഫർ ചെയ്തു | 354598 | പ്രോ നം 88/22 തൈക്കാട്ടു ചിറ നവീകരണം |
| 3 | 000006 തീ25/3/22 | 3466 | വിവിധ വർക്കുകളുടെ ഐ റ്റി, ജി എസ്.ടി വെൽഫയർഫണ്ട് വിഹിതം എന്നിവ അടച്ചത് |
| 4 | 000007 തീ25/3/22 | 6733 | |
| 5 | 000009 തീ25/3/22 | 6733 | |
| 6 | 0000010 തീ25/3/22 | 8852 | |
| 7 | 000011 തീ25/3/22 | 4426 | |
| 8 | 000012 തീ25/3/22 | 4426 | |
| 9 | 000013 തീ26/3/22 | 8588 | |
| 10 | 000014 തീ26/3/22 | 4294 | |

| | | |
|---|---|---|
| 11 | 000015 തീ26/3/22 | 4294 |
| 12 | 000016 തീ26/3/22 | 10716 |
| 13 | 000017 തീ26/3/22 | 5358 |
| 14 | 000018 തീ26/3/22 | 5358 |
| 15 | 000019 തീ26/3/22 | 11160 |
| 16 | 000020 തീ26/3/22 | 5580 |
| 17 | 000021 തീ26/3/22 | 5580 |
| | ആകെ | 888,180 |

സി എഫ് സി ഗ്രാന്റ് ,ടൈഡും അൺ ടൈഡും ചേർന്നുള്ള ആകെ ചെലവ് 5986382 രൂപയാണ് എന്നാൽ ഈ ഇനത്തിലെ യഥാർത്ഥ ചെലവ് 6781672 രൂപയാണ്. 2022-23ൽ ചെലവ് വന്ന 795290 രൂപയുടെ ചെലവ് 2021-22 ൽ തന്നെ സുലേഖയിൽ ചെലവ് ബുക്ക് ചെയ്തതിനാലാണ് ഇപ്രകാരം വ്യതിയാനം വന്നിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | തുക | റിമാർക്സ് |
|---|---|---|
| 1 | 374260 26.4.23 ൽ വാട്ടർ അതോറിറ്റിക്ക്ട്രാൻസ്ഫർ ചെയ്തു | പ്രോ നം 138/22 കുറ്റ ജെബി പൈപ്പ് ലൈൻ നീട്ടൽ |
| 2 | 374340 26.4.23 ൽ വാട്ടർ അതോറിറ്റിക്ക് ട്രാൻസ്ഫർ ചെയ്തു | പ്രോ നം 135/22 പ്രീതി അയ്യങ്കാളി രാജർഷി റോഡ്പൈപ്പ് ലൈൻ നീട്ടൽ |
| 3 | 4669026.4.23 ൽ ട്രാൻസ്ഫർ ചെയ്തു | അസി എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ടാക്സ് അടവാക്കിയത് |
| ആകെ | 795290 | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹11481893 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹70316006 |
| ആകെ | ₹81797899 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹70913143 |
| നീക്കിയിരിപ്പ് | ₹10884756 |

## 1-4 ഗ്രാന്റ് വിനിയോഗം

വികസനഫണ്ട് ജനറൽ സുലേഖയിലും AFS ലെയും ചെലവ് ₹2,05,69,657 ആയിരിക്കെ ACR പ്രകാരമുള്ള ചെലവ് ₹2,09,22,568 ആണ്. ഇവതമ്മിൽ ₹3,52,911 യുടെ അന്തരമുണ്ട്. താഴെ പറയുന്ന പദ്ധതികളുടെ

ചെലവ് ACR ൽ ബുക്ക് ചെയ്തുവെങ്കിലും ചെലവ് നടക്കാത്തതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | തുക (₹) |
|---|---|
| 121/23 | 49925 |
| 91/23 | 230036 |
| 69/23 | 352911 |

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | പലിശ (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23508000 | | 23508000 | 20569657 | | 2585432 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 17518000 | | 17518000 | 14601782 | - | 2916218 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 189000 | | 189000 | 168000 | - | 21000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6196000 | | 6196000 | 4444258 | - | 1751742 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) ട്രഷറി | 0 | - | - | | - | - | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) ബാങ്ക് | 467401 | 3790000 | 224351 | 4480852 | 3822178 (New 2999062 SO 823116) | 658674 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) ട്രഷറി | - | 1718512 | | 1718512 | 1512 | | 1717000 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied)ബാങ്ക് | 3738778 | 5685000 | | 9423778 | 2959494 (New 1903970 SO 1055524) | 6464284 | |
| SGSY 320100102 | 50 | - | - | 50 | - | 50 | |
| ഐ എവൈ 320100110 | 12199 | 258 | | 12457 | | 12457 | |
| ശുചിത്വമിഷൻ ഗ്രാന്റ് 320100115 | 577237 | 23526 | | 600763 | 325606 | 275157 | |
| ഹെൽത്ത് ഗ്രാന്റ് 320100205 | - | 2582957 | - | 2582957 | 1042835 | 1540122 | |
| മിസലേനിയസ് ,കില ട്രൈനിംഗ്, 320100299 | 100245 | 170743 | | 270988 | 146648 | 124340 | |
| ഐ എ വൈ ലോൺ 320200301 | 25500 | - | - | 25500 | 305 | 25195 | |
| സി എസ് ആർ ഫണ്ട് 320400199 | 235450 | | 6690 | 242140 | | 242140 | |

| | | | | | | | |
|---|---|---|---|---|---|---|---|
| കേരളോത്സവം 320200323 | | 100000 | | 100000 | 100000 | 0 | |

നോട്ട് -

സി എഫ് സി ഗ്രാന്റ് മുന്നിരിപ്പ് തുക മുൻവർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് പത്രികയുമായും പൊരുത്തപ്പെടുന്നില്ല. സി എഫ് സി ഗ്രാന്റ് വരവ് (Untied Bank) ₹3,79,000/- അലോട്ട്മെന്റും ₹2,23,451/- പലിശയും ചേർന്ന് 4013451/- RP31 ൽ ഇത് തെറ്റായി ₹45,13,451/- എന്ന് ചേർത്തിരിക്കുന്നു. വിശദാംശങ്ങൾ 1-2-1 ൽ ചേർത്തിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത്/ പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 120 | 138900310 | 89 | 52646107 | 0 | 31 | 74 |

## 1-6 ക്യാഷ്ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2023 തീയതിയിൽ 2.15 PM സമയത്ത് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഒന്നുമില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ളോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.3.18 മുതൽ 19.3.18 വരെ | 2013-14 മുതൽ 2016-17 വരെ | 20.06.2018 |
| പെർഫോമൻസ് ഓഡിറ്റ് | 19.1.2023 – 31.1.2023 | 2021-2022 | 4.4.23 |

## 1-9 വാടക -അപാകതകൾ

1) ബ്ലോക്ക് പഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടത്തിൽ നിന്നും 2021 - 2022 മുതൽ വാടക ഈടാക്കിയിട്ടില്ലയെന്നും കാണുന്നു.

| കെട്ടിട നം./സ്ഥാപനത്തിന്റെ പേര് | പ്രതിമാസ വാടക (₹) | ഈടാക്കാത്ത കാലയളവ് |
|---|---|---|

| | | |
|---|---|---|
| 331/ ഫുഡ് സേഫ്റ്റി യൂണിറ്റ് | 2315/- | 7/21 മുതൽ 3/23 വരെ |

2) വാടക ഈടാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാടക രജിസ്റ്റർ യഥാവിധി തയ്യാറാക്കാത്തതിനാൽ നാളിതുവരെ കുടിശ്ശിക ഇനത്തിൽ അടവാക്കാനുള്ളത് എത്രയെന്ന് വ്യക്തമല്ല. വാടക രജിസ്റ്ററിൽ ഡി.സി.ബി എഴുതിത്തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ അക്കൗണ്ട്സ് പ്രകാരമുള്ള വാടകയിനത്തിലെ തുകകളുടെ ഡിമാന്റ്, വരവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത രജിസ്റ്ററുമായി ഒത്തുനോക്കി പരിശോധിക്കുവാൻ സാധിക്കുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിററ് എൻക്വയറിക്ക്(നം.12/27.6.2023) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-10 പഞ്ചിങ് മെഷിൻ സ്ഥാപിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0165/23 |
| പ്രോജക്റ്റിന്റെ പേര് | വടവുകോട് ബ്ലോക്ക്പഞ്ചായത്തിൽ പഞ്ചിങ് മെഷിൻ സ്ഥാപിക്കൽ |
| അടങ്കൽ/ഫണ്ടിനം | ₹1,00,000/- തനത്ഫണ്ട് |
| ചെലവ് | ₹26,877/- |
| യു റ്റി ആർ നം. | RBI0822366846633/22.03.2023 |
| നിർവഹണം | സെക്രട്ടറി |

പൊതുഭരണ വകുപ്പിന്റെ 13.01.2020ലെ സ. ഉ. (സാധാ) 192/2020 നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക്പഞ്ചായത്തുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിങ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, അതിന്റെ പരിപാലനത്തിനുമായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ 50% തുക മുൻകൂറായും, ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയ ശേഷം 40% തുകയും, ബാക്കി 10% തുക സ്പാർക്കുമായി ബന്ധിപ്പിച്ച ശേഷം നൽകാനും നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച പ്രോജക്റ്റിൽ പഞ്ചിങ് മെഷിൻ സ്ഥാപിക്കുന്നതിന് കെൽട്രോണിന് ₹26,877/- നൽകിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ പഞ്ചിങ് മെഷീൻ സ്ഥാപിച്ചിട്ടില്ല. പഞ്ചിങ് മെഷീൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 14/27.06.2023) മറുപടി ലഭിച്ചില്ല. ആയതിനാൽ, കെൽട്രോണുമായി ബന്ധപ്പെട്ട് പഞ്ചിങ് മെഷീൻ സ്ഥാപിച്ച്, സ്പാർക്കുമായി ബന്ധിപ്പിച്ച ശേഷം പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11(1) മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് / നം. | മരുന്നു വാങ്ങൽ/30/2022-23 |
| അടങ്കൽ തുക | ₹642705/-(മെയിന്റനൻസ് ഫണ്ട് , റോഡിതരം) |
| ആകെ ചെലവു തുക | ₹642676/- |
| തുക/ബിൽ നം / തീയതി | 1) 75000/-, 80/22-23, 31.3.2023<br>2) 14012/-,79/22-23, 29.3.2023<br>3) 73089/-, 71/22-23 , 29.3.2023<br>4) 240469/-,70/22-23, 20.3.2023<br>5) 90840/-,61/22-23 , 3.3.2023<br>6) 23061/-,60/22-23 , 3.3.2023<br>7) 4796/-,45/22-23 , 27.12.2022<br>8) 71568/- ,46/22-23 ,27.12.2022 |

| | |
|---|---|
| | 9) 7715/-, 44/22-23 ,27.12.2022<br>10) 7995/-,17/22-23 ,6.10.2022<br>11) 15246/-, 26/22-23 , 4.11.2022<br>12) 10100/-,6/22-23 , 1.7.2022<br>13) 2600/-, 4/22-23 , 1.7.2022<br>14) 3585/-, 3/22-23, 1.7.2022<br>15) 2600/-5/22-23, 1.7.2022 |

മേൽ ബില്ലുകൾ പ്രകാരം സി.എച്ച്. സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ആകെ ₹6,42,676/- മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. മരുന്നുവാങ്ങലുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) ബിൽ നം . 71 പ്രകാരം ₹ 73,089/- ചെലവഴിച്ചഴിച്ചതിൽ ₹59,906/- യുടെ മരുന്നുകൾ കാരുണ്യ കമ്മ്യൂണിററി ഫാർമസി, കെ.എം.എസ്.സി. ലിമിറ്റഡ്, എറണാകുളം, സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ, ആലുവ എന്നിവിടങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ബാക്കി ₹13,183/- മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോ ഓർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും തുക മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

2) ബിൽ നം. 80 പ്രകാരം 75,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും ആയതു ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടില്ല.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/23.6.2023) മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ക്രമ നം. 1, 2 പ്രകാരമുള്ള ₹88,183/- (13183+75000) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

1-11(2) സെക്കണ്ടറി പാലിയേറ്റീവ്കെയർ പദ്ധതി-മരുന്നുകൾ ലഭ്യമാക്കാത്തത്

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി, വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(എ)

| | |
|---|---|
| പദ്ധതിയുടെ പേര് / നം. | സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി /62/2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| അടങ്കൽ തുക | ₹192263/- (വികസന ഫണ്ട്, പൊതുവിഭാഗം |
| ചെലവു തുക | ₹192263/- |
| തുക/ബിൽ നം / തീയതി | 1) 174151/-2/2022-23, 11.5.2022<br>2) 18112/-1/2022-23, 27.4.2022 |

മേൽ ബിൽ പ്രകാരം സി.എച്ച്. സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ₹174151/- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ആയതു ലഭ്യമായി സ്റ്റോക്കിലെടുത്ത രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(ബി)

| | |
|---|---|
| പദ്ധതിയുടെ പേര് / നം. | സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി 29/2022-23 |
| അടങ്കൽ തുക | 807641/-(വികസന ഫണ്ട് , പൊതുവിഭാഗം |
| ആകെ ചെലവു തുക | 807602/- |
| തുക/ബിൽ നം / തീയതി | 1) 246359/-54/2022-23,10.2.2023<br>2)66199/-24/2022-23, 28.10.2022<br>3) 5980/-35/2022-237.12.2022<br>4) 6314/-64/2022-23, 3.3.2023 |

| | |
|---|---|
| | 5)21120/-63/2022-23 , 3.3.2023<br>6)20560/-8/2022-23,22.7.2022<br>7)18120/-11/2022-23,12.9.2022<br>8)20560/-12/2022-23,12.9.2022<br>9)15280/-7/2022-23,22.7.2022<br>10)14115/-67/2022-23,20.3.2023<br>11)13639/-66/2022-23,20.3.2023<br>12)13860/-15/22-23, 6.10.2022<br>13)20560/-9/2022-23,22.7.2022<br>14)21760/-56/2022-23, 10.2.2023<br>15)13630/-78/2022-23, 29.3.2023<br>16)20480/-77/2022-23, 29.3.2023<br>17)20640/-22/2022-23,19.10.2022<br>18)19540/-73/2022-23,29.3.2023<br>19)13602/-42/2022-23, 27.12.2022<br>20)16000/-33/2022-23,7.12.2022<br>21)38903/-16/2022-23,6.10.2022<br>22)17020/-40/2022-23, 27.12.2022<br>23)14030/-41/2022-23,27.12.2022<br>24)90957/-74/2022-23,29.3.2023<br>25)34478/-,50/2022-23,9.1.2023<br>26) 2596/-53/2022-23,19.1.2023<br>27)1300/- 21/2022-23, 19.10.2022 |

മേൽ ബില്ലുകൾ പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ആകെ ₹807602/- മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹34478/- (ബിൾ നം.50/09.01.23) മരുന്നുകൾ വാങ്ങുന്നതിനായി പ്രധാൻമന്ത്രി ജൻഔഷധി കേന്ദ്രക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/25.6.2023) മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനക്കായി വിധേയമാക്കേണ്ടതാണ് ക്രമ നം. 'എ', 'ബി' ഖണ്ഡികകൾ പ്രകാരമുള്ള ₹ 208629/-യുടെ (174151+34478) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-12(1) എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - നാളിതു വരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം – നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് /നം. | എസ്.സിവിദ്യാർത്ഥികൾക്ക്പഠനമുറി/122 /2022-23 |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ തുക | ₹76,00,000/- |
| ആകെ ചെലവ് തുക | ₹56,50,000/- |
| തുക/ബിൽ നം. /തീയതി | 1) 50000/-16/2022-23,30.12.2022<br>2)100000/-14/2022-23, 30.12.2022<br>3)100000/-15/2022-23,30.12.2022<br>4) 250000/-18/2022-23,10.1.2023<br>5)300000/-,23/2022-23,4.2.2023<br>6)75000/-,20/2022-23,18.1.2023 |

| | |
|---|---|
| | 7)500000/-,21/2022-23,18.1.2023<br>8)75000/-22/2022-23,18.1.2023<br>9) 100000/-23/2022-23 ,4.2.2023<br>10)150000/-24/2022-23,4.2.2023<br>11)225000/-27/2022-23, 10.2.2023<br>12)100000/- 26/2022-23,10.2.2023<br>13)275000/-31/2022-23,22.2.2023<br>14) 75000/-30/2022-23,22.2.2023<br>15)300000/-32/2022-23, 25.2.2023<br>16)150000/- 34/2022-23,6.3.2023<br>17)50000/-36/2022-23,6.3.2023<br>18)50000/-,37/2022-23,6.3.2023<br>19)225000/-38/2022-23,9.3.2023<br>20)100000/-,35/2022-6.3.2023<br>21)150000/-39/2022-23,9.3.2023<br>22)150000/- 43/2022-23,16.3.2023<br>23)150000/-44/2022-23,17.3.2023<br>24)100000/-40/2022-23,9.3.2023<br>25) 225000/-45/2022-23,20.3.2023<br>26)50000/-48/2022-23,23.3.2023<br>27)165000/-49/2022-23,24.3.2023<br>28)300000/-,52/2022-23,25.3.2023<br>29)300000/-53/2022-23,25.3.2023<br>30)810000/-,54/2022-23,29.3.2023 |

മേൽ പദ്ധതിയിൽപ്പെടുത്തി ബില്ലുകൾ പ്രകാരം 38 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിനായി ആകെ ₹56,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് നൽകാവുന്ന പരമാവധി തുക ₹2,00,000/- ആണ്. ആയതിൽ 25 വിദ്യാർത്ഥികൾ പഠനമുറി നിർമ്മാണം നാളിതു വരെയും പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/ബിൽ നം. |
|---|---|---|
| 1 | അരുന്ധതി എം.ഗോപി<br>മാരിക്കുടി പറമ്പിൽ | 155000/16, 20, 54 |
| 2 | അഭിജിത് സി.എസ്.<br>ചളക്കക്കുടി | 155000/15, 34, 52 |
| 3 | ആരോമൽ അനിൽ<br>മോളേക്കുടി | 155000/18, 23, 54 |
| 4 | അർച്ചന സുകുമാർ<br>കിഴക്കേക്കര | 155000/18, 27, 52 |
| 5 | മാളവിക മണി<br>തെക്കേ പുറത്ത് | 155000/21, 38, 52 |
| 6 | അഭിനവ് രഞ്ജിത്ത്<br>ഓണാർക്കുഴി | 155000/21, 32, 52 |
| 7 | കാർത്തിക് കൃഷ്ണ<br>മഠത്തിപറമ്പിൽ | 155000/21, 39, 52 |
| 8 | അർച്ചന<br>പൊന്നോത്ത് കരോത്ത് | 125000/21, 34 |
| 9 | അഭിഷേക് എം.എ<br>മേച്ചിറപ്പാട്ട് | 155000/21, 39, 52 |
| 10 | നവജിത് മോഹനൻ<br>ഞാറതടത്തിൽ | 155000/21, 30, 54 |
| 11 | ശ്രേയ വി.ശശി<br>വെള്ളമനക്കപറമ്പിൽ | 155000/23, 43, 54 |
| 12 | ദേവലക്ഷ്മി ദേവരാജൻ<br>പള്ളിമോളത്ത് | 155000/23, 38, 54 |
| 13 | ഐശ്വര്യ മണി, കെട്ടോട്ടിൽ | 125000/24, 54 |

| | | |
|---|---|---|
| 14 | അതുൽ മോഹനൻ ചേരംകുഴിമോളത്ത് | 50000/24 |
| 15 | സുർജിത്, ഇടച്ചിറക്കൽ | 125000/26, 52 |
| 16 | ശ്രേയ രതീഷ്, ചക്കാലക്കൽ | 155000/31, 45, 54 |
| 17 | ഗോകുൽ, കുമ്പക്കരി | 125000/31, 52 |
| 18 | ദക്ഷിണ ബി.സൂര്യ വയമ്പൻ കുടി | 155000/31, 43, 54 |
| 19 | ദേവപ്രിയ, പേങ്ങരമോളത്ത് | 50000/36 |
| 20 | അഭിജിത്, മൂലേക്കുഴി കരോത്ത് | 125000/35, 52 |
| 21 | അഭിനന്ദന പുളിമൂട്ടിൽ | 125000/35, 54 |
| 22 | ദൃഷ, പള്ളിമോളത്ത് | 125000/36, 52 |
| 23 | ധനഞ്ജയിൽ .കെ.എസ് കണ്ണാമൂലയിൽ | 125000/40, 54 |
| 24 | കിരൺ കെ. മാധവ് കരുക്കുഴിയിൽ | 125000/40, 54 |
| 25 | അഞ്ജന വിനീത ദേവി മാടശ്ശേരി | 125000/48, 1 |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ₹33,65,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2)

| | |
|---|---|
| പദ്ധതിയുടെ പേര് /നം | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, 116 /2022-23 |
| അടങ്കൽ തുക | 200000/-(വികസന ഫണ്ട്, എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥ | പട്ടികജാതി വികസന ഓഫീസർ |
| ആകെ ചെലവ് തുക | 142339/- |
| തുക, ബിൽ നം/ തീയതി | 1) 22339/-, 10/2022-23,7.10.2022<br>2) 50000/-, 16/2022-23,31.12.2023<br>3) 70000/-, 47/2022-23,20.3.2023 |

മേൽ പദ്ധതിയിലെ ഗുണഭോക്താവായ ഗോപിക, പാതിരക്കോട്ടിൽ എന്നയാൾക്ക് 2018-19 മുതൽ 2021-22 വരെ ₹1,70,000/- പഠനമുറി നിർമ്മാണത്തിനായി നിർവഹണോദ്യോഗസ്ഥ നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ₹20,000/- ബിൽ നം.47 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ₹20,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ (1), (2) അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/27.6.2023) മറുപടി ലഭ്യമായിട്ടില്ല. ക്രമ നം. 1, 2 ലെ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-13 ഉപയോഗക്ഷമമല്ലാത്ത കാർഷികയന്ത്രങ്ങൾ - തുടർനടപടികൾ ഊർജിതമാക്കേണ്ടതാണ്

വടവുകോട് ബ്ലോക്ക്പഞ്ചായത്ത് വിവിധ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങിയ നിരവധി കാർഷികയന്ത്രങ്ങൾ നിലവിൽ ഉപയോഗയോഗ്യമല്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി വർഷം | മെഷിനറി | ഗുണഭോക്താവ് | സബ്സിഡി തുക (₹) |
|---|---|---|---|---|
| 1 | 2013-14 | Combined Harvester,Kubje, (TG5S00083) | ബ്ലോക്ക് നെൽകൃഷി വികസനസമിതി | 2300000/- |

| | | | | |
|---|---|---|---|---|
| 2 | 2014-15 | Tractor, Kubota, 45 HP (V22037EUW09460) | ബ്ലോക്ക് നെൽകൃഷി വികസനസമിതി | 965982/- |
| 3 | 2017-18 | Tractor, Mahindra, 45 HP (RGJ2MDA0290) | കടക്കനാട് നെൽകൃഷി വികസനസമിതി, മഴവന്നൂർ | 500223/- |
| 4 | 2017-18 | Combined Harvester, Mahindra, | ബ്ലോക്ക് നെൽകൃഷി വികസനസമിതി | 2008125/- |

2013-14 ൽ വാങ്ങിയ Combined Harvester, Kubje 2020 കാലഘട്ടം വരെ നിരവധി തവണ പ്രവർത്തനരഹിതമാവുകയും മുൻപ് മെഷീൻ സേവനത്തിന് നൽകിയിട്ട് ലഭ്യമായിട്ടുള്ള വാടക വരുമാനം ഉപയോഗിച്ച് ബ്ലോക്ക് നെല്ലുദ്പാദക സമിതി തന്നെ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ, 2020 മുതൽ Combined Harvester, Kubje മെഷിന്റെ Spare Parts ലഭ്യമല്ലാത്തതിനാൽ നിലവിൽ പ്രവർത്തനരഹിതമാണ്. 2014-15, 2017-18 കാലഘട്ടങ്ങളിൽ വാങ്ങിയ Kubota, Mahindra എന്നിവയുടെ ഉഴവ് യന്ത്രങ്ങൾ നിരവധി തവണ തകരാറിലായെങ്കിലും ബ്ലോക്ക് പരിധിയിലെ കർഷകർക്ക് ഉഴവിന് നൽകിയപ്പോൾ ലഭിച്ച വാടക കൊണ്ട് അറ്റകുറ്റപ്പണി നടത്തി ഉപയോഗിച്ചിരുന്നു. റിപ്പയർ ചാർജ് അമിതമായതിനാൽ 2022 മുതൽ ബ്ലോക്ക് നെല്ലുത്പാദക സമിതി ഈ ഉഴവ് യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുന്നില്ല.

2017-18 ൽ വാങ്ങിയ Combined Harvester, Mahindra ഉദ്ഘാടനവേളയിൽ ഒരു ദിവസം മാത്രമാണ് ഉപയോഗിച്ചത്. ഈ മെഷീന്റെ അസാധാരണ ഭാരവും ഉയരവും കാരണം ഇലക്ട്രിക് ലൈനിൽ തടയുന്നതിനാൽ മെഷീൻ ഈ പ്രദേശങ്ങളിൽ ഉപയോഗിക്കുന്നത് പ്രായോഗികമല്ല എന്നാണ് ബ്ലോക്ക് നെല്ലുദ്പാദക സമിതി അറിയിച്ചിട്ടുള്ളത്. ഈ പ്രത്യേകതകൾ കൊണ്ട് ഡ്രൈവർമാരെ ലഭിക്കാനും ബുദ്ധിമുട്ടാണ്. മാത്രമല്ല സ്പെയർ പാർട്സും ലഭ്യമല്ല എന്നും അറിയിച്ചിട്ടുണ്ട്.

2017-18 ൽ വാങ്ങിയ Combined Harvester, Mahindra ബ്ലോക്ക്പഞ്ചായത്ത് പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ ഉപയോഗിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ മറ്റ് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കോ, സംസ്ഥാനത്തെ അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾക്കോ ഫ്രീ ട്രാൻസ്ഫർ ചെയ്യുന്നതിന് സർക്കാർ അനുമതി വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, 08.02.2023 ലെ 6(2) നമ്പർ യോഗതീരുമാനം പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

കാലഹരണപ്പെട്ടതിനാലും, സ്പെയർ പാർട്സ് ലഭ്യമല്ലാത്തതിനാലും, ലാഭകരമായി റിപ്പയർ ചെയ്യാൻ സാധ്യമല്ലാത്തതിനാലും Combined Harvester,Kubje മെഷീൻ പൊതുമരാമത്ത് വിഭാഗത്തിന്റെ ചാലക്കുടി മെക്കാനിക്കൽ ഡിവിഷനുമായി ബന്ധപ്പെട്ട് വില നിർണ്ണയിച്ച് ചട്ട പ്രകാരം ലേലം ചെയ്യുന്നതിനും Tractor, Kubota, Tractor, Mahindra എന്നിവ അംഗീകൃത ഡീലർ വഴി റിപ്പയർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനും 02.05.2023 -ലെ എ.ഇ.(4) 208/2023 നമ്പർ കത്ത് പ്രകാരം എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദേശിച്ചിരുന്നു.

ഉപയോഗക്ഷമമല്ലാത്ത കാർഷികയന്ത്രങ്ങൾ സംബന്ധിച്ച ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനവും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദേശവും നടപ്പാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 09/26.06.2023) നൽകിയിരുന്നു. സാധ്യതാപഠനം നടത്താതെ ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ പാടശേഖരങ്ങൾക്ക് അനുയോജ്യമല്ലാത്ത കൊയ്ത്ത്മെതിയന്ത്രം വാങ്ങി സർക്കാരിന് നഷ്ടമുണ്ടാക്കിയത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലോ, ഭരണസമിതി തലത്തിലോ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം 2017-18ൽ വാങ്ങിയ Combined Harvester, Mahindra മറ്റ് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കോ സംസ്ഥാനത്തെ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾക്കോ ഫ്രീ ട്രാൻസ്ഫർ ചെയ്യുന്നതിന് സർക്കാർ അനുമതിക്കായി കത്ത് നൽകിയിട്ടുണ്ടെന്നും Tractor Kubota, Tractor Mahindra എന്നിവ അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ടി CSR ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ

മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

1) സംസ്ഥാന സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറക്ക് Combined Harvester, Mahindra മറ്റ് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കോ, സംസ്ഥാനത്തെ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾക്കോ ഫ്രീ ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) CSR ഫണ്ട് ലഭ്യമാക്കി Tractor Kubota, Tractor Mahindra എന്നിവ അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ടി പദ്ധതി തയ്യാറാക്കി പൂർത്തീകരിക്കേണ്ടതാണ്.

3) സർക്കാർ അനുമതി വാങ്ങി Combined Harvester, Kubje മെഷീൻ പൊതുമരാമത്ത് വിഭാഗം മെക്കാനിക്കൽ ഡിവിഷനുമായി ബന്ധപ്പെട്ട് വില നിർണ്ണയിച്ച് ചട്ടപ്രകാരം ലേലം ചെയ്യുന്നതിനുള്ള നടപടികൾ ഊർജിതമാക്കേണ്ടതാണ്.

4) സാധ്യതാപഠനം നടത്താതെ ബ്ലോക്ക്പഞ്ചായത്ത് പ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ ഉപയോഗിക്കുന്നതിന് പ്രായോഗികമല്ലാത്ത കാർഷികയന്ത്രം (Combined Harvester, Mahindra) വാങ്ങി സർക്കാരിന് നഷ്ടമുണ്ടാക്കിയത് സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-14 കുടിവെള്ള പദ്ധതികൾ : ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് രണ്ട് കുടിവെള്ള പദ്ധതികൾക്കായി ₹718134/- ചെലവഴിച്ചിട്ടുണ്ട്. അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പണം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും വാട്ടർ ടാങ്ക് വാങ്ങുകയും ചെയ്തു എന്നതിൽ കവിഞ്ഞ് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ജനങ്ങൾക്ക് വെള്ളം എത്തിക്കുന്നതിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(1) ആക്കാം പാറ എസ് സി കോളനി കുടിവെള്ള പദ്ധതി(പദ്ധതി നം 50/23)

ബിൽ നം.375/23 തീ.21.03.23 ₹2,13,275/- മഴവന്നൂർ പഞ്ചായത്ത്, വാർഡ് 18 ആക്കപ്പാറ എസ് സി കോളനിയിൽ നിർമ്മിച്ചിട്ടുള്ള കുഴൽ കിണറിൽ നിന്നും വെള്ളം അടിച്ചിടുന്നതിനായി 5000 ലിറ്ററിന്റെ ഒരു വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനായി പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനും ടാങ്കിന്റെ സമീപത്തായി ഒരു ടാപ്പ് സ്ഥാപിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ₹4,90,093/- അടങ്കലിൽ എസ്.സി.പി ഫണ്ടാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ട്രക്ച്ചർ നിർമ്മിക്കുകയും 5000 ലിറ്ററിന്റെ ടാങ്ക് ₹50700/- ചെലവഴിച്ച് വാങ്ങിക്കുകയും ചെയ്തു. സ്ട്രക്ച്ചർ നിർമ്മിച്ചതിനും ടാങ്കിന്റെ വിലയുമായി ₹213,275/- കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ ടാങ്കിലേയ്ക്ക് കുഴൽ കിണറിലെ വെള്ളം അടിച്ചിടുന്നതിനുള്ള പ്ളംബിംഗ് വർക്കുകൾ ചെയ്തിട്ടില്ല. പ്രസ്തുത ടാങ്ക്, നിർമ്മിച്ചിട്ടുള്ള സ്ട്രക്ച്ചറിന്റെ മുകളിൽ സ്ഥാപിക്കണമെങ്കിൽ സമീപത്തുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതുണ്ട്. എന്നാൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് നാളിതുവരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വാങ്ങിയ വാട്ടർ ടാങ്ക് കുഴൽ കിണറിനു സമീപം വഴിയോരത്ത് വച്ചിരിക്കുന്നതായി ഓഡിറ്റ് വേളയിൽ നടത്തിയ പ്രദേശിക പരിശോധനയിൽ കണ്ടെത്തി. താഴെ കൊടുത്തിരിക്കുന്ന ചിത്രം കാണുക



(2) പന്തനാനി നിരപ്പേൽ കുടിവെള്ള പദ്ധതി ( പദ്ധതി നം (5/23)

പദ്ധതി ബിൽ നം.431/23 തീ.28.03.23 പ്രകാരം കോൺക്രീറ്റ് വാട്ടർ ടാങ്കും സ്ട്രക്ച്ചറും നിർമ്മിക്കുന്നതിന് ₹7,00,000/- അടങ്കലിൽ സി എഫ് സി ഫണ്ടാണ് വകയിരുത്തിയിട്ടുള്ളത്. മേൽ പദ്ധതിക്കായി 2.80 മീ.വീതിയും 2.30 മീ നീളത്തിലുമുള്ള കോൺക്രീറ്റ് വാട്ടർ ടാങ്കും 7.10 മീ.സ്ട്രക്റ്റും നിർമ്മിച്ചിട്ടുണ്ട്. ഇതിനായി ₹5,04,859/- കരാറുകാരന് നല്കിയിട്ടുണ്ട്. ടാങ്ക് സ്ഥിതി ചെയ്യുന്നതിനും 500 മീറ്ററോളം അകലെയുള്ള സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് കിണറ്റിൽ നിന്നും വെള്ളം പ്രസ്തുത ടാങ്കിലേയ്ക്ക് പമ്പ് ചെയ്യുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വാട്ടർ ടാങ്കും സ്ട്രക്ച്ചറും നിർമ്മിച്ചുവെങ്കിലും പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല പ്രസ്തുത കിണർ ഇടിഞ്ഞ് പൊളിഞ്ഞ് നാശോന്മുഖമായ അവസ്ഥയിലാണ്. കിണർ അറ്റകുറ്റപ്പണി നടത്തി പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ പദ്ധതി ജനങ്ങൾക്ക് പ്രയോജനപ്പെടുകയുള്ളൂ. ചിത്രം കാണുക.



സമീപത്തുള്ള വീടുകളിലേയ്ക്ക് വെള്ളമെടുക്കുന്നതിനുള്ള മോട്ടോർ സ്ഥാപിച്ചിരിക്കുന്നതാണ് ചിത്രത്തിൽ കാണുന്നത്.

സ.ഉ (കൈ) നം 115/22 തസ്വഭവ തീ 28.5.22 മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തിന്റെ അടിസ്ഥാനത്തിലാണ് ബ്ലോക്ക് പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടത്. കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പദ്ധതിയുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണി ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ്

തന്നെഏറ്റെടുക്കേണ്ടതുമാണ് അങ്ങനെ ഏറ്റെടുക്കുമെന്ന് കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ നിർവ്വഹണം ആരംഭിക്കാവൂ. മേൽ പദ്ധതികൾക്കായി മഴവന്നൂർ, പൂത്രിക്ക എന്നീ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തിന്റെ രേഖകൾ, ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം 7 ന് നല്കിയ മറുപടിയിൽ ഗുണഭോക്തൃ സമിതി കൂടുന്നതിന് അറിയിപ്പ് നല്കുന്നതാണ് എന്നു മാത്രമാണ് അറിയിച്ചിരിക്കുന്നത് .ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കാതെ കുടിവെള്ള പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖയുടെ ലംഘനമാണ്. മഴവന്നൂർ, പൂത്രിക്ക എന്നീ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

അതി രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലുള്ള മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികളും അടിയന്തിരമായി പൂർത്തിയാക്കി ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-15 ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നില്ല – പദ്ധതിപ്പണം ലാപ്സാകുന്നു.

2022-23 സാമ്പത്തിക വർഷം ബ്ളോക്ക് പഞ്ചായത്ത്, അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്യുന്നതിനായി ₹3,14,40,329/- അടങ്കലിൽ 49 പദ്ധതികളാണ് രൂപീകരിച്ചിരുന്നത്. എന്നാൽ ₹1,21,22,613/- ചെലവഴിച്ച് 30 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. ആകെ അടങ്കലിന്റെ 38.519% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നടപ്പാക്കാത്ത 19 പദ്ധതികളിൽ താഴെ പറയുന്നവ ശുചിത്വം മാലിന്യ നിർമ്മാർജ്ജനം, തെരുവ് നായ്ക്കളുടെ നിയന്ത്രണം തുടങ്ങി ജനജീവിതവുമായി നേരിട്ടു ബന്ധപ്പെട്ടവയുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേരും നമ്പരും | അടങ്കൽ (₹) |
|---|---|---|
| 1 | 48/23 – വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് | 1717000 |
| 2 | 49/23 – ഐക്കരനാട് പഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് | 2500000 |
| 3 | 157/22 – ബ്ളോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഡിസേബിൾ, ഫ്രൺലി ടോയ്‌ലെറ്റ് നിർമ്മാണം | 568500 |
| 4 | 154/23 – വടവുകോട് ബ്ളോക്ക് എബിസി സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ | 1750000 |
| 5 | 19/23 – പൂതൃക്ക പഞ്ചായത്തിലെ മാലിന്യസംസ്കരണം പശ്ചാത്തല പ്രവർത്തനങ്ങൾ | 542255 |
| 6 | 20/23 ആർ.ആർ.എഫ് സ്റ്റേജ് 1 – വടവ്കോട് പുത്തൻകുരിശ് പഞ്ചായത്ത് | 1300000 |

മാലിന്യസംസ്കരണങ്ങളുടെ പശ്ചാത്തല പ്രവർത്തനങ്ങൾ, ആർ ആർ എഫ് നവീകരണം തുടങ്ങി മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ യഥാസമയം നടപ്പാക്കാത്തത് ആ പഞ്ചായത്തിന്റെ ആരോഗ്യമേഖലയെ നേരിട്ട് ബാധിക്കുന്നതിന് ഇടവരുത്തും . തെരുവ് നായ്ക്കളുടെ ആക്രമണം രൂക്ഷമായ

ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത് എന്നിരിക്ക വടവുകോട് ബ്ളോക്ക് എബിസി സെന്റർ അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പദ്ധതി നടപ്പാക്കാത്തത് അംഗീകരിക്കാനാവില്ല. 2023-24 വർഷത്തേക്ക് സ്പിൽ ഓവറായി എടുത്തിരിക്കുന്ന മേൽ പദ്ധതികളെല്ലാം യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ഇതൾ പദ്ധതി- നടത്തിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്, നം | ഇതൾ, 58/2022-23 |
| അടങ്കൽ തുക | 292880/- (വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്) (CFC ബേസിക്) |
| ചെലവു തുക/ബിൽ നം/ തീയതി | 292880/-(26/8.6.2022) |

സ.ഉ (കൈ) നം.115/2022 ത.സ്വ.ഭ.വ തീയതി 28.5.2022 7.6- പൊതുജനാരോഗ്യം ഖണ്ഡിക നം.7.6.8 മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ പ്രകാരം എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ ഗുണനിലവാരം ഉറപ്പാക്കി വിവിധ അളവുകളിലുള്ള മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മാർഗരേഖപ്രകാരം ഈ പദ്ധതിയുടെ വിശ്വാസ്യതക്കും സംശയനിവാരണത്തിനും യു.പി.എച്ച്.സി /എഫ്.എച്ച്.സി /പി.എച്ച്.സി/ സി.എച്ച്.സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രചാരണ പരിപാടി നടത്തണം. ബോധവൽക്കരണത്തിനു ശേഷം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന രീതിയും അവലംബിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിൽ മേൽ പദ്ധതി 2021-22 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ളതാണ്. സ്പിൽ ഓവർ പദ്ധതിയായി 2022-23 സാമ്പത്തിക വർഷവും ഈ പദ്ധതി തുടരുന്നു. വിവിധ അളവുകളിലുള്ള 2400 മെൻസ്ട്രുവൽ കപ്പുകൾ വാങ്ങുന്നതിനായി തിരുവനന്തപുരത്തുള്ള എച്ച്.എൽ.എൽ മാനേജ്മെന്റ് അക്കാദമിക്ക്, ആകെ ₹4,79,600/- 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ട്. ആകെ നൽകിയ ₹4,79,600/- നൽകിയതിൽ ₹1,86,720/- 2021-22 സാമ്പത്തിക വർഷം നൽകിയിട്ടുള്ളതാണ്. ബാക്കി ₹2,92,880/- മേൽ ബിൽ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുള്ളതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ബോധവൽക്കരണം, ഉദ്ഘാടനം എന്നിവ നടത്തുന്നതിനായുള്ള നോട്ടീസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബോധവൽക്കരണ ക്ലാസ് നടത്തിയതിന്റേ രേഖകളും പങ്കെടുത്തവരുടെ ഹാജർ വിവരം കാണിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ഇൻവോയിസ് നമ്പർ HMA/GSTINV-93/21 തീയതി 31.3.2022 പ്രകാരം ₹2398/- എണ്ണം മെൻസ്ട്രുവൽ കപ്പുകൾ സി.എച്ച്.സിയിൽ ലഭ്യമായിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും പി.എച്ച്.സി പൂതൃക്ക-369 എണ്ണം, പി.എച്ച്.സി തിരുവാണിയൂർ-520 എണ്ണം, പി.എച്ച്.സി കുമാരപുരം-375 എണ്ണം, പി.എച്ച്.സി മഴവന്നൂർ-356 എണ്ണം, സി.എച്ച്.സി കടയിരിപ്പ്-268 എണ്ണം, സി.എച്ച്.സി വടവുകോട്-510 എണ്ണം വീതം ആകെ 2398 എണ്ണം വിവിധ സി.എച്ച്.സികളിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കളായ കുടുംബശ്രീ വനിതകൾക്ക് വിതരണം ചെയ്ത രേഖകൾ (കൈപ്പറ്റിയ രേഖകൾ) പരിശോധനക്കായി ലഭ്യമായിട്ടില്ല. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം എണ്ണത്തിൽ കുറവായ 2 മെൻസ്ട്രുവൽ കപ്പുകളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/25.6.2023) മറുപടി ലഭ്യമായിട്ടില്ല. വിതരണ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുകയും മറ്റ് അപാകതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കുകയും ചെയ്യുന്നതു വരെ 2022-23 ൽ പദ്ധതിക്കുവേണ്ടി ചെലവായ തുക യായ ₹2,92,880/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കടയിരിപ്പ് നടപ്പിലാക്കിയ വിവിധ

പദ്ധതികൾ - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് / നം. | കടയിരിപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ/82/2022-23 |
| അടങ്കൽ തുക | 100000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം ) |
| ആകെ ചെലവു തുക | 99,973/- |
| തുക/ബിൽ നം/ തീയതി | 1) 5187/-283/15.02.23<br>2) 3500/-402/27.03.23<br>3) 91286/-153/13.12.22 |

മേൽ ബില്ലുകൾ പ്രകാരം സി.എച്ച്. സി യിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹99,973/- മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹91,286/- ബിൽ നം.153/13.12.22 പ്രകാരം മെഡിക്കൽ ഓഫീസർ കേരളമെഡിക്കൽ സർവീസസ് കോഓർപ്പറേഷന് 3 എെ.സി.യു ബെഡുകൾ വാങ്ങുന്നതിനായി നൽകിയിട്ടുള്ളതാണ്. എന്നാൽ ആയതു ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)

| | |
|---|---|
| പദ്ധതിയുടെ പേര് / നം. | സെക്കണ്ടറി പാലിയേറ്റീവ് കെയർ പദ്ധതി 57/2022-23 |
| അടങ്കൽ തുക | ₹8,00,000/-(വികസന ഫണ്ട് , പൊതുവിഭാഗം |
| ആകെ ചെലവു തുക | ₹7,88,237/- |
| തുക/ബിൽനം. /ബിൽ റഫറൻസ് നം./തീയതി | 1) 49949/-22120563091101509772/28.3.2023<br>2) 22298/-440/29.3.2023<br>3) 990/-22120563091101509800/28.3.2023<br>4)10508/-410 /28.3.2023,22120563091101509737/28.3.2023<br>5) 13977/-22120563091101491669/27.3.2023<br>6) 34551/-22120563091101398744/18.3.2023<br>7) 25322/-317/2.3.2023<br>8) 24376/-250/3.2.2023<br>9) 21491/-201/6.1.2023<br>10) 21220/-144/03.12.2022<br>11) 29325/-22120563091100814114/24.11.2022<br>12) 22579/-23/15.11.2022<br>13) 19471/-20/-03.11.2022<br>14) 19416/-17/07.10.2022<br>15) 18641/-15/06.09.2022<br>16) 22787/-13/11.08.2022<br>17) 19280/-9/01.07.2022<br>18) 325107/-8/17.06.2022<br>19) 19897/-4/08.06.2022<br>20) 19188/-3/07.05.2022<br>21) 47864/- 22120563091101191541/15.2.2023 |

മേൽ ബില്ലുകൾ പ്രകാരം സി.എച്ച്. സി യിലെ വിവിധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ₹7,88,237/-മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) കെ.എം.എസ്.സി.എൽ ലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ളതാണ്. (പ്രഫോർമ ഇൻവോയ്സ് നം. 263/3.6.2022). എന്നാൽ ആയതു ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) മരുന്നുകൾ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ലേക്ക് നൽകിയിട്ടുള്ള ₹325107/-. എന്നാൽ ആയതു ലഭ്യമായി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) ഡയപ്പർ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. ആയതിൽ ₹9,847/- യുടെ സാധനങ്ങൾ ലഭിച്ചിട്ടുണ്ട്. ബാക്കി ₹24,704/- യുടെ മരുന്നുകളും മറ്റ് സാധനങ്ങളും ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ₹3,63,788/- യുടെ (325107+13977+24704) ചെലവ് തടസ്സപ്പെടുത്തുന്നു.

3)

| | |
|---|---|
| പദ്ധതിയുടെ പേര് / നം. | കടയിരിപ്പ് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ /23/2022-23 |
| അടങ്കൽ തുക | 700000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം ) |
| ആകെ ചെലവു തുക | 699996/- |
| തുക/ബിൽ നം./ബിൽ റഫറൻസ് നം. / തീയതി | 1)941/-2212056309110149 1704/27.3.2023<br>2)3480/-22120563091101357367 /15.3.2023<br>3) 50593/-341/14.03.23<br>4)7800/-281/15.02.23<br>5)31100/-12/19.07.22<br>6)4385/-11/01.07.22<br>7)500000/-5/03.06.22<br>8)51192/-145/03.12.22<br>9)50505/-401/27.3.2023 |

മേൽ ബില്ലുകൾ പ്രകാരം സി.എച്ച്. സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായിആകെ ₹6,99,996/- നിർവഹണോദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹5,00,000/- ബിൽ നം.5/03.06.22 പ്രകാരം കോഓർപ്പറേഷന് മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുള്ളതാണ്. ആയതിൽ വിവിധബില്ലുകൾ പ്രകാരം ₹1,20,978/-യുടെ മരുന്നുകൾ കേരളമെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി ₹3,79,022/- യുടെ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/25.6.2023) ലഭ്യമായ മറുപടിയിൽ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതിനുശേഷം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയവ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ, ടാക്സ് ഇൻവോയ്സ് എന്നീ അനുബന്ധരേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അതുവരെ ക്രമ നം. 1 ലെ ചെലവു തുകയായ ₹91,286/-, ക്രമ നം.2 ലെ ആകെ ചെലവു തുക -₹3,63,788/-, ക്രമ നം .3 ലെ ചെലവു തുക- ₹3,79,022/- എന്നിവ ചേർത്ത് ആകെ ₹8,34,096/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം. | അടങ്കൽ, ഫണ്ട് | നിർവ്വഹണ ഏജൻസി | ബിആർഎൻ നം./തീയതി | നല്കിയ തുക |
|---|---|---|---|---|---|
| 1. | യുവകലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ (78/23) | 2,15,000/-, (വികസനഫണ്ട് -പൊതുവിഭാഗം) | ജില്ലാ പഞ്ചായത്ത് | 221205630210087121007924 90 /18.11.22 | 215000/- |
| 2. | അതിദാരിദ്ര്യം ഉണഭോക്താക്കൾക്ക് (ജനറൽ) വീട് | 4,50,000/-, (വികസനഫണ്ട് -പൊതുവിഭാഗം) | പൂത്തുക്ക, വടവുകോട് - പുത്തൻകുരിശ്, | 22120563012100455904 /26.08.22 | 450000/-, |

| | | | | | |
|---|---|---|---|---|---|
| | പുനരുദ്ധാരണം പഞ്ചായത്തിന് വിഹിതം നൽകൽ (143/23) | | തിരുവാണിയൂർ ഗ്രാമ പഞ്ചായത്തുകൾ | | |
| 3. | പൂത്തൃക്ക ഗ്രാമപഞ്ചായത്ത് വാർഡ് 6 കോരൻ കടവ് - മണക്കാട്ട് കടവ് റോഡ് ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 6,59,000/-, (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | 22120563012100997994 /21.12.22 | 600000/- |
| 4. | അതിദാരിദ്ര്യം ഗുണഭോക്താക്കൾക്ക് (എസ് സി) വീട് പുനരുദ്ധാരണം പഞ്ചായത്തിന് വിഹിതം നൽകൽ (142/23) | 2,25,000/- (വികസനഫണ്ട് - എസ് സി പി) | തിരുവാണിയൂർ, മഴുവന്നൂർ ഗ്രാമപഞ്ചായത്തുകൾ | 22120563012100499532 /05.09.22 | 150000/- |
| 5. | കുറ്റ കോളനി കുടിവെള്ള പദ്ധതി | 380000/- (വികസനഫണ്ട് - എസ് സി പി) | കേരള വാട്ടർ അതോറിറ്റി | 22120563012100919571 /17.12.22 | 380000/- |
| 6, | ലൈഫ് ഭവനപദ്ധതി - ടി എസ് പി (77/23) | 189000/- (വികസനഫണ്ട് - ടി സി പി) | പൂത്തൃക്ക, വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുകൾ | 22120563012100919571 /17.12.22 | 168000/- |
| 7, | ഐകെഎം വിഹിതം നൽകൽ (73/23) | 50690/-, (വികസനഫണ്ട് പൊതുവിഭാഗം) | ഐകെഎം | 22120563012101577111 /31.03.23 | 50690/-, |
| 8, | കുന്നത്തുനാട് പഞ്ചായത്ത് വാർഡ് 16 നോർത്ത് പിണർമുണ്ട അങ്കണവാടി നിർമ്മാണം വിഹിതം നൽകൽ (84/23) | 1000000/- (വികസനഫണ്ട് -പൊതുവിഭാഗം) | മഹാത്മാഗാന്ധി എൻആർഇജിഎസ് മിഷൻ | 22120563012101032462 /13.01.23 | 1000000/- |
| | ആകെ ചെലവ് | | | | 3013690/- |

മേൽ പ്രോജക്ടുകൾ പ്രകാരം ₹3013690/- യുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുവാനുണ്ട്. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 27.6.23 ൽ നല്കിയ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയായ ₹3013690/- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2022-23 | 90000 | പിഎംഎവൈ – ആവാസ് പ്ലസ് എസ് സി പി (80/23) | 90000 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 70000 | പിഎംഎവൈ – ജനറൽ (35/23) | 70000 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 185000 | പിഎംഎവൈ – എസ് സി പി(36/23) | 185000 | 0 |
| ഗ്രാമപഞ്ചായത്ത് | 2021-22 | 540000 | ആവാസ് പ്ലസ് എസ് സി പി(39/23) | 540000 | 0 |
| ഗ്രാമപഞ്ചായത്ത് | 2021-22 | 560000 | ആവാസ് പ്ലസ്-ജനറൽ (38/23) | 560000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 189000 | പിഎംഎവൈ – ആവാസ് പ്ലസ് എസ് സി പി (80/23) | 189000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 98000 | പിഎംഎവൈ – ജനറൽ (35/23) | 98000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 378000 | ആവാസ് പ്ലസ് എസ് സി പി(39/23) | 378000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 392000 | ആവാസ് പ്ലസ്-ജനറൽ (38/23) | 392000 | 0 |

RP 7 ഷെഡ്യൂൾ പ്രകാരം, ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ജോയിന്റ് വെഞ്ചർ വിഹിതം ₹13,65,000/- യാണ്. എന്നാൽ, സുലേഖ ചെലവ് പത്രിക I-6 ഷെഡ്യൂൾ എന്നിവ പ്രകാരം ₹14,45,000/- ചെലവുണ്ട്. പിഎംഎവൈ – ആവാസ് പ്ലസ് എസ് സി പി (80/23) പദ്ധതിയിൽ വടവുകോട് – പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നുള്ള വിഹിതം ₹80,000/- സാംഖ്യ മുഖേന അലോട്ട്മെന്റ് റിക്വസിഷൻ നൽകിയിരുന്നില്ല. എന്നാൽ, 3 ഗുണഭോക്താക്കൾക്ക് ടി തുക നൽകുകയും ചെയ്യതിനാൽ ആണ് വരവും, ചെലവും തമ്മിൽ ₹80,000/- യുടെ വ്യത്യാസം ഉണ്ടായത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെക്ക് നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 144/23, കുറ്റ കോളനി കുടിവെള്ള പദ്ധതി, വടവുകോട് – പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് വാർഡ് 5 | 380000/- | 42200091/03.02.23 വികസനഫണ്ട്(SCP) | 0 | 380000/- |

RP 47 ഷെഡ്യൂൾ പ്രകാരം Advance To Implimenting Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ ₹7,48,600/- അക്കൗണ്ട് ചെയ്തിട്ടുണ്ട്. 2021-22 വർഷം വടവ്കോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത് വാർഡ് 7- പ്രീതി അയ്യങ്കാളി റോഡ് – രാജർഷി റോഡ് മൂളിച്ചിറ. പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, വടവുകോട്-പുത്തൻകുരിശ് വാർഡ് -5, കുറ്റജെ.ബി.എസ്. പൈപ്പ് ലൈൻനീട്ടൽ എന്നീ പദ്ധതികളുടെ ഡെപ്പോസിറ്റ് തുക തിരിച്ച് വന്നത്, PFMS മുഖേന വീണ്ടും പെയ്മെന്റ് ചെയ്ത തുകയാണിത്. തൻവർഷം കുറ്റ കോളനി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക Advance To Implimenting Agencies Deposit With Kerala Water Authority എന്ന ശീർഷകത്തിൽ

അക്കൗണ്ട് ചെയ്യുന്നതിന് പകരം Drinking Water – General എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2003-04 | 3-9 | 2006-07 | 3.42(1) | ഊന്നുകല്ല് നിരപ്പ് കോളനി ജലസേചനം | മറ്റൊരു കുടിവെള്ള പദ്ധതി സമീപത്ത് ആരംഭിച്ചതിനാൽ ഇനി കൂടുതൽ തുക ചെലവഴിക്കേണ്ടെന്ന് തീരുമാനിച്ചു. |
| 2005-06 | 3-10 | 2007-08 | 3.44(1) | പട്ടികജാതി തൊഴിൽ പരിശീലനം-അർഹത ഇല്ലാത്തവർക്കും പരിശീലനം | 01-07-19 ൽ ഗ്രാമവികസന കമ്മീഷണർക്ക് മറുപടി നൽകി |
| 2005-06 | 3-11 | 2007-08 | 3.44(1) | പട്ടികജാതി വനിത കമ്പ്യൂട്ടർ പരിശീലനം | -ടി- |

4-9 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70316006.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70913143.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8540612.00 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക ₹ | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 (1) | 88183 | ഡോ. വിനോദ് പൗലോസ്, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) |
| 1-11(2) | 208629 | ഡോ.വിനോദ് പൗലോസ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, വടവ്കോട്) |
| 1-12(1) | 3365000 | ശ്രീമതി സോഫിയാമോൾ എസ്, പട്ടികജാതി വികസന ഓഫീസർ, വടവ്കോട് ബ്ലോക്ക് |
| 1-12(2) | 20000 | ശ്രീമതി സോഫിയാമോൾ എസ്, പട്ടികജാതി വികസന ഓഫീസർ, വടവ്കോട് ബ്ലോക്ക് |
| 1-14 | 718134 | ബേസിൽ മത്തായി, അസി.എഞ്ചിനീയർ, വടവ്കോട് ബ്ലോക്ക് |
| 1-16 | 292880 | ഡോ. സിനി ഡാനിയൽ, മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) |
| 1-17 | 91286 | ഡോ.അനീഷ് ബേബി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് |
| 1-17(2) | 363788 | ഡോ.അനീഷ് ബേബി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് |
| 1-17(3) | 379022 | ഡോ.അനീഷ് ബേബി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് |
| 1-18 | 3013690 | ജ്യോതികുമാർ എസ്, സെക്രട്ടറി, |
| ആകെ | 8540612 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ജ്യോതികുമാർ എസ്, സെക്രട്ടറി, | സെക്രട്ടറി, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് | ഉത്രാടം, മൂന്നുകല്ലിൻമൂട്, നെയ്യാറ്റിൻകര പി ഒ, 695121 |
| 2 | ഡോ. വിനോദ് പൗലോസ് മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. ഏഴിക്കര) | TF, മേജർ ബെറിചുഡ്സ് അപാർട്ട്മെന്റ്സ്, ചെമ്പുമുക്ക്, കാക്കനാട് (പി.ഒ) എറണാകുളം 682030 |
| 3 | ഡോ. സിനി ഡാനിയൽ മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | VI/528A മറ്റിയേടേൽ (H) മുടവൂർ വെള്ളൂർക്കുന്നം, മൂവാറ്റുപുഴ 686669 |
| 4 | ഡോ.അനീഷ് ബേബി മെഡിക്കൽ ഓഫീസർ ഗവ.ഹോസ്പിറ്റൽ, കടയിരിപ്പ് | അസിസ്റ്റന്റ് സർജൻ PHC,പായിപ്ര | പടിഞ്ഞാറേക്കര പുത്തൻപുര, പാമ്പാക്കുട പി.ഒ, മേമുറി, പാമ്പാക്കുട |
| 5 | ബേസിൽ മത്തായി അസി.എഞ്ചിനീയർ വടവ്കോട് ബ്ലോക്ക് | എ.ഇ, വടവ്കോട് ബ്ലോക്ക് | എഴുകുഴിയിൽ കറുകപ്പിള്ളി പി.ഒ, കറുകപിള്ളി |
| 6 | സോഫിമോൾ എസ് പട്ടികജാതി വികസന | പട്ടികജാതി വികസന ഓഫീസർ | മാഞ്ഞമറ്റത്തിൽ മുളാപ്പുറം പി.ഒ |

| | | | |
|---|---|---|---|
| | ഓഫീസർ വടവ്കോട് ബ്ലോക്ക് | വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | കരിമണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000<br>2000-2001<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07<br>2007-08<br>2008-09<br>2009-10<br>2011-12<br>2012-13<br>2014-15 &<br>2015-16 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1291/19 തീ.9.10.2019 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1292/19, തീ. 20.09.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)1582/19, തീ.19.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)956/20, തീ. 06.12.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)956/20, തീ. 06.12.2021 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)332/23, തീ. 20.04.23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 19-05-2023 and submitted on 27-05-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vadavucode Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vadavucode Block Panchayat for the year 2022-2023

Date: 30/09/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vadavucode Block Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting

software with other related softwares.

**2.Other Observations**

1. Non inclusion of ratios in finacial statements
2. Stock register does not match with financial statements
3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
4. Payment Voucher misclassification.
5. The supporting details regarding balance in district panchayat share for joint venture projects (1525252) is not provided with the AFS.
6. Not providing adequate provison for doubtful debts
7. Discrepencies /ommissions in carry forward of closing balance in the year in respect of CFC grant
8. Deposit register is not maintained
9. Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items
10. Advance register does not match with financial statements.
11. No tax demand registers are not periodically reconciled with accounts.

Joint Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്